

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

19 സാമ്പത്തികസ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 1
1 സോഷ്യലിസത്തിലേക്കു മുന്നേറുക! . 2

# 19

# സാമ്പത്തികസ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്

തൊഴിലാളിവർഗ്ഗം അധ്വാനിക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളുടേയും സഹായത്തോടും പിൻബലത്തോടും കൂടി ഭരണാധികാരം കരസ്ഥമാക്കാനും ഉൽപ്പാദനോപകരണങ്ങളെ പൊതുവുടമയിലാക്കിക്കൊണ്ട് സാമ്പത്തികാസൂത്രണങ്ങളിലൂടെ ജനങ്ങളുടെയാകെ ജീവിതത്തെ സർവ്വതോന്മുഖമായി അഭിവൃദ്ധിപ്പെടുത്താനും അങ്ങിനെ ഒടുവിൽ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന സമ്പ്രദായമവസാനിപ്പിച്ച് വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി നടത്തുന്ന മഹത്തായ ഒരു പ്രസ്ഥാനമാണ് സോഷ്യലിസം. അതുകൊണ്ട് സോഷ്യലിസത്തിന്റെ വിജയം തൊഴിലാളിവർഗ്ഗത്തിൻറേയും തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ശക്തിയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ ശക്തിയാകട്ടെ, വ്യവസായവൽക്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള ഉല്പാദനശക്തികളുടെ വളർച്ചയെ ആശ്രയിച്ചുമിരിക്കുന്നു. സോഷ്യലിസ്റ്റുൽപ്പാദനശക്തികൾ വളരാതെ സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുകയില്ല.

വിപ്ലവമെന്നത് നൊടിയിടയിലുണ്ടാകുന്ന ഒരു യാദൃച്ഛിക സംഭവമല്ല. ഉൽപ്പാദനശക്തികളുടെ വളർച്ചയുടെ ഫലമായി സമുദായത്തിൽ മെല്ലെ മെല്ലെയുണ്ടാകുന്ന മാറ്റങ്ങൾ ഒരു സവിശേഷഘട്ടത്തിലെത്തുമ്പോൾ, അതായത് ഉൽപ്പാദനശക്തികൾ നിലവിലുള്ള ഉൽപ്പാദനബന്ധങ്ങൾക്കുള്ളിൽ ഒതുങ്ങാതാകുമ്പോൾ, പെട്ടെന്ന് മൗലികമായ ചില പരിവർത്തനങ്ങളുണ്ടാകുന്നു. ഈ മൗലികമായ പരിവർത്തനങ്ങൾക്കാണ് വിപ്ലവമെന്നു പറയുന്നത്. വിപ്ലവത്തിന്റെ വിജയംതന്നെ ഒരു നൊടിയിടയിലുണ്ടാകുന്ന നേട്ടമല്ല. അതൊരു നീണ്ട ഗതിക്രമമാണ്. ഒട്ടനവധി നീണ്ട കൊല്ലങ്ങളിലൂടെയാണ് ഒരുല്പാദനരീതി മാറ്റിമറിക്കപ്പെടുകയും അതിന്റെ സ്ഥാനത്ത് മറ്റൊരുല്പാദനരീതിയാവിർഭവിക്കുകയും ചെയ്യുന്നത്. ഫ്യൂഡൽ ഉൽപ്പാദനബന്ധങ്ങളവസാനിപ്പിച്ച് മുതലാളിത്തോൽപ്പാദനബന്ധങ്ങൾ സ്ഥാപിച്ച ഫ്രഞ്ചുവിപ്ലവത്തിന്റെ ചരിത്രം അതാണ് കാണിക്കുന്നത്. മുതലാളിത്തോൽപ്പാദനബന്ധങ്ങളവസാനിപ്പിച്ച് സോഷ്യലിസ്റ്റുൽപ്പാദനബന്ധങ്ങൾ സ്ഥാപിച്ച റഷ്യൻ വിപ്ലവത്തിന്റെ ചരിത്രവും വ്യത്യസ്തമല്ല. എല്ലാ വിപ്ലവങ്ങളും പല ഘട്ടങ്ങളിലൂടെയും പല വികാസക്രമങ്ങളിലൂടെയുമാണ് മുന്നേറിയിട്ടുള്ളത്. നീണ്ട ഘട്ടങ്ങളിലൂടെയുള്ള ഈ മുന്നേറ്റത്തിൽ അത്ഭുതകരങ്ങളായ നേട്ടങ്ങൾ മാത്രമല്ല, ചിലപ്പോളെല്ലാം ചില കോട്ടങ്ങളും ദൗർബ്ബല്യങ്ങളും പ്രത്യക്ഷപ്പെട്ടുവെന്നുവരും; തെറ്റുകളും ആശയക്കുഴപ്പങ്ങളുമുണ്ടായെന്നുവരും. വിപ്ലവത്തിന്റെ ഗതിക്രമത്തിനിടയിൽ ആദ്യകാലത്തു ശരിയായിരുന്ന ചില വിശ്വാസങ്ങളും സിദ്ധാന്തങ്ങളും പിന്നീട് പുതിയ പരിതഃസ്ഥിതികളാവിർഭവിക്കുമ്പോൾ ഉപേക്ഷിക്കപ്പെടേണ്ടിവരും. പക്ഷേ, ഒന്നുണ്ട്: ആദ്യമാദ്യം സോഷ്യലിസം കെട്ടിപ്പടുക്കുന്ന രാജ്യങ്ങൾക്കു നേരിടുന്ന വിഷമതകളും ദൗർബ്ബല്യങ്ങളും പിന്നീടുപിന്നീട് സോഷ്യലിസത്തിലേയ്ക്കു മുന്നേറുന്ന രാജ്യങ്ങൾക്കു നേരിടേണ്ടിവരില്ല. സോഷ്യലിസം കെട്ടിപ്പടുത്തുകഴിഞ്ഞവയും കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്നവയുമായ രാജ്യങ്ങളുടെ അനുഭവങ്ങളിൽനിന്നു പാഠങ്ങൾ പഠിച്ചുകൊണ്ട് തെറ്റുകളാവർത്തിക്കാതെ മുന്നേറാൻ പുതുതായി സോഷ്യലിസം സ്ഥാപിക്കുന്ന രാജ്യങ്ങൾക്കു സാധിക്കും. അതുകൊണ്ട്, സോഷ്യലിസത്തിലേയ്ക്കു മുന്നേറുന്ന ഇന്ത്യയിലെ ജനങ്ങൾ സോഷ്യലിസ്റ്റ് വിപ്ലവം നടത്തിക്കഴിഞ്ഞ രാജ്യങ്ങളുടെ വിപ്ലവചരിത്രങ്ങളെപ്പറ്റിയും വിപ്ലവാനുഭവങ്ങളെപ്പറ്റിയും അവയ്ക്കെല്ലാം മാർഗ്ഗദർശനം നൽകിയ മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങളെപ്പറ്റിയും പഠിക്കേണ്ടതാവശ്യമാണ്.

## 1 സോഷ്യലിസത്തിലേക്കു മുന്നേറുക!

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ സംഭവവികാസങ്ങളുടെ ഫലമായി മറ്റെല്ലാ രാജ്യങ്ങളിലുമെന്നപോലെ ഇന്ത്യയിലും സോഷ്യലിസത്തിനുവേണ്ടി, നിലകൊള്ളുന്ന ശക്തികൾ അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. സമാധാനപരമായ സർവ്വദേശീയാന്തരീക്ഷം നിലനിർത്തിക്കൊണ്ട് ഇന്ത്യയുടെ പിന്നോക്കനിലയവസാനിപ്പിയ്ക്കാനും സ്വതന്ത്രമായ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനുംവേണ്ടി നടത്തപ്പെടുന്ന ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളിൽ സോഷ്യലിസത്തിന്റെ ബീജങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട്. വാസ്തവത്തിൽ ഇരുമ്പ്, ഉരുക്ക്, കൽക്കരി, യന്ത്രനിർമ്മാണം, എൻജിനിയറിങ്ങ് തുടങ്ങിയ വൻകിട വ്യവസായങ്ങൾ, പ്രത്യേകിച്ചും, സ്റ്റേറ്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ, രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ മാത്രമല്ല സോഷ്യലിസത്തിൻറേയും സാമ്പത്തികാടിത്തറയാണ്. വൻകിടഘനവ്യവസായങ്ങളെ ഊന്നിക്കൊണ്ടുള്ള വ്യവസായവൽക്കരണം ഇന്ത്യയെ പിന്നണിയിലുള്ള ഒരു കാർഷികരാജ്യമാക്കി നിലനിർത്താനുള്ള സാമ്രാജ്യമേധാവികളുടെ ഗൂഢാലോചനകളെ പൊളിയ്ക്കുക മാത്രമല്ല, നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളെ തട്ടിത്തകർത്ത് സോഷ്യലിസത്തിലേയ്ക്കു മുന്നേറാനാവശ്യമായ ഉൽപ്പാദനശക്തികളെ വളർത്തുകകൂടി ചെയ്യുന്നു. അതുകൊണ്ട് ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യമുറപ്പിയ്ക്കാനും ജനങ്ങളുടെ ജീവിതത്തോതുയർത്താനും രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താനും പറ്റിയതരത്തിൽ പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കാൻ മറ്റാരെക്കാളുമധികം തൊഴിലാളിവർഗ്ഗമാണ് മുൻകയ്യെടുത്ത് പ്രവർത്തിയ്ക്കേണ്ടത്.

പഞ്ചവത്സരപദ്ധതി വിജയിപ്പിയ്ക്കുക എന്നുവെച്ചാൽ ജനങ്ങളെ ചൂഷണം ചെയ്തു കൊള്ളലാഭമടിക്കുകയും പൊതുമേഖലയിലുള്ള വൻകിടവ്യവസായങ്ങളുടെ പുരോഗതിയെ തുരങ്കം വെയ്ക്കുകയും ചെയ്യുന്ന വിദേശികളും നാടന്മാരുമായ കുത്തകമുതലാളികളെ വെറുതെ വിടുക എന്നല്ല അർത്ഥം. നേരെമറിച്ച് ജനങ്ങൾക്കെതിരായ അവരുടെ ആക്രമണങ്ങളെ ചെറുത്തുതോല്പിക്കുകയും ഉൽപ്പാദനവ്യവസ്ഥയിലും ഭരണനിർവ്വഹണത്തിലും അവർക്കുള്ള നിയന്ത്രണവും സ്വാധീനശക്തിയും പടിപടിയായി നീക്കം ചെയ്യുകയും തൊഴിലാളിവർഗ്ഗത്തിന്റെ നിയന്ത്രണവും സ്വാധീനശക്തിയും പടിപടിയായി വർദ്ധിക്കുകയും ചെയ്യാതെ പഞ്ചവത്സരപദ്ധതി രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കുതകുന്നമട്ടിൽ വിജയിപ്പിയ്ക്കാൻ സാധിയ്ക്കില്ല.

അതുകൊണ്ട്, താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താൻ വേണ്ടി ഇടവിടാതെ പരിശ്രമിയ്ക്കുകയും പ്രക്ഷോഭങ്ങൾ സംഘടിപ്പിയ്ക്കുകയും ചെയ്യുക എന്നതാണ് സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിയ്ക്കുന്ന എല്ലാ ദേശാഭിമാനികളുടേയും ഇന്നത്തെ പ്രധാന കടമ.

1. സാമ്രാജ്യമേധാവികളുടെ യുദ്ധപരിശ്രമങ്ങളെ ചെറുക്കുകയും ലോകസമാധാനം കാത്തുരക്ഷിക്കുകയും ചെയ്യുക.
2. ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ഇന്ത്യയുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കുതകുന്ന വിധത്തിൽ പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കുകയും ചെയ്യുക.
3. പൊതുമേഖലയിലുള്ള അടിസ്ഥാനഘനവ്യവസായങ്ങളെ വളർത്തുകയും ദേശീയതാല്പര്യങ്ങൾക്കെതിരായ വിദേശീയകുത്തകമുതലാളികളുടെ പ്രവർത്തനങ്ങളവസാനിപ്പിയ്ക്കുകയും ചെയ്യുക.
4. ഉപഭോഗസാമഗ്രികളുടെ അമിതമായ വിലവർദ്ധനവിനെ തടയുകയും വിലകൾ നിജപ്പെടുത്താനും ദേശീയസാമ്പത്തികവ്യവസ്ഥയെ രക്ഷിയ്ക്കാനും കഴിയത്തക്കവിധത്തിൽ വിദേശ വ്യാപാരമാകെ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്യുക.
5. ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെ ജീവിതത്തോതുയർത്താനും ഭക്ഷണക്ഷാമം പരിഹരിയ്ക്കാനും പറ്റിയ തരത്തിൽ ജന്മിസമ്പ്രദായമവസാനിപ്പിച്ച് മൌലികമായ കാർഷികപരിഷ്കരണങ്ങൾ നടപ്പിൽ വരുത്തുക.
6. ഉൽപ്പാദനവർദ്ധനവിന്നനുസരിച്ച് തൊഴിലാളികളുടെ കൂലിയും ഇടത്തരക്കാരായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും വർദ്ധിപ്പിയ്ക്കുകയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുകയും ചെയ്യുക. ഉൽപ്പാദനത്തിന്റെ വർദ്ധനവനുസരിച്ച് അദ്ധ്വാനിയ്ക്കുന്ന ജനങ്ങളുടെ വരുമാനം വർദ്ധിപ്പിയ്ക്കുക.
7. ഭൂരിപക്ഷക്കാരായ ജനങ്ങൾക്കനുകൂലമായ തരത്തിൽ നികുതിനയം പരിഷ്ക്കരിക്കുക.
8. ചെറുകിടവ്യവസായങ്ങളും കുടിൽവ്യവസായങ്ങളും പ്രോത്സാഹിപ്പിയ്ക്കുക.
9. ഭരണകാര്യങ്ങളിലും വ്യവസായങ്ങളുടെ നിയന്ത്രണത്തിലും തൊഴിലാളികൾക്കും മറ്റുജനപ്രതിനിധികൾക്കും കൂടുതൽ പ്രാതിനിധ്യം നൽകുക.
10. വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണയന്ത്രം പുനസ്സംഘടിപ്പിയ്ക്കുകയും ജനാധിപത്യവൽക്കരിയ്ക്കുകയും ചെയ്യുക.
11. സാങ്കേതിക ജ്ഞാനവും ശാസ്ത്രീയവിദ്യാഭ്യാസവും അഭിവൃദ്ധിപ്പെടുത്തുക.
12. ദേശീയാഭിവൃദ്ധിയ്ക്കുതകുന്ന തരത്തിൽ സാഹിത്യാദികലകളെ പ്രോത്സാഹിപ്പിയ്ക്കുകയും വളർത്തുകയും ചെയ്യുക.

പുരോഗമനപരമായ ഇത്തരം പരിപാടികൾ നടപ്പിൽ വരുത്തുന്നതിൽ ഇന്നുള്ള പ്രധാനമായ ഒരു തടസ്സം ജനാധിപത്യശക്തികളുടെയിടയിലുള്ള അനൈക്യവും ഭിന്നിപ്പുമാണ്. വിവിധ രാഷ്ട്രീയപാർട്ടികളുടെ പിന്നിൽ അണിനിരന്നിട്ടുള്ള ജനാധിപത്യശക്തികളുടെ ഭിന്നിപ്പിനേയും കക്ഷിവഴക്കുകളേയും സമർത്ഥമായി ഉപയോഗിച്ചുകൊണ്ട് സ്വന്തം സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കാൻ പിന്തിരിപ്പൻ ശക്തികൾക്കു സാധിക്കുന്നു. പിന്തിരിപ്പൻ ശക്തികളെ പരാജയപ്പെടുത്താൻ കഴിയത്തക്ക വിധം ജനാധിപത്യശക്തികളുടെയിടയിലുള്ള വിടവുകൾ തീർക്കുകയും ജനങ്ങളെയാകെ യോജിപ്പിച്ചണിനിരത്തിക്കൊണ്ട് പഞ്ചവത്സരപദ്ധതിയെ വിജയിപ്പിയ്ക്കുന്നതിലൂടെ ദേശീയ ജനാധിപത്യപ്രസ്ഥാനത്തിൻറേയും, ദേശീയപുനർനിർമ്മാണപ്രവർത്തനങ്ങളുടേയും നേതൃത്വം കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ് തൊഴിലാളിവർഗ്ഗത്തിൻറേയും കമ്യൂണിസ്റ്റ്കാരുടേയും ഒഴിച്ചുകൂടാൻ വയ്യാത്ത കടമ. ഈ കടമ എത്രത്തോളം വേഗത്തിൽ ചെയ്തുതീർക്കാൻ കഴിയുമോ അത്രത്തോളം വേഗത്തിൽ നമുക്കു സോഷ്യലിസത്തിലേയ്ക്കു മുന്നേറാൻ കഴിയും.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014